കോഴിക്കോട് ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

145. [199] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-ലെ ഉരുൾപൊട്ടലിന്റെ ഫലമായി കോഴിക്കോട് ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര ഇനത്തിൽ ഇതേവരെ എത്ര സംഖ്യ നൽകി ;

(ബി) എത്ര സംഖ്യ നൽകാൻ ബാക്കിയുണ്ട് ;

(സി) ഈ സംഖ്യ എന്നത്തേക്ക് കൊടുക്കുവാൻ കഴിയും ?

ഉത്തരം

(എ) 3.38 ലക്ഷം രൂപ.

(ബി) 2.51 ലക്ഷം രൂപ.

(സി) അടുത്ത സാമ്പത്തിക വർഷം കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

146. [200] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഇപ്പോൾ ലോക്കൗട്ട് ചെയ്തിരിക്കുകയാണോ ;

(ബി) എങ്കിൽ എന്നാണ് ലോക്കൗട്ട് പ്രഖ്യാപിച്ചത് ;

(സി) ലോക്കൗട്ടിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) 10-3-1986-ൽ

(സി) തൊഴിലാളികൾ അക്രമാസക്തമായ സമരമുറകൾ സ്വീകരിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ലെന്ന് മാനേജുമെന്റിന് ബോദ്ധ്യമായതിനാലാണ് ലോക്കൗട്ട് പ്രഖ്യാപിച്ചത്.

പുതിയ മിൽക്ക് പ്രോജക്ട് യൂണിറ്റുകൾ

147. [202] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മിൽക്ക് പ്രോജക്ട് യൂണിറ്റുകൾ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; എവിടെയെല്ലാം ;

(സി) കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ മഞ്ചേരി മിൽക്ക് പ്രോജക്ട് യൂണിറ്റ് ഈ വർഷം തുടങ്ങുമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ, ബി) സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിൽ ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതിയിൻ കീഴിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ ഓരോ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly